മിസ്റ്റർ ടി. കെ. നായർ.—ഡിപ്പാർട്ട്മെന്റ് മേലധികാരികൾ അഴിമതി ചെയ്യുന്നുണ്ട് മരിച്ചതെങ്കിൽ മേലാൽ അങ്ങനെ വരാതിരിക്കുവാൻവേണ്ടി അതിനെ അന്വേഷിക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—പ്രൊട്ടക്ടർ റിപ്പോർട്ട്ചെയ്തിരിക്കുന്നതു് ശേഷാദ്രിഅയ്യരെ അപ്പോയിന്റുചെയ്തതു് ശരിയാണെന്നാണ്.

മിസ്റ്റർ ടി. കെ. നായർ.—പ്രൊട്ടക്ടരുടെ റിപ്പോർട്ട് ശരിയാണെന്നന്വേഷിക്കേണ്ട മുമതല ഗവമ്മെണ്ടിനല്ലേ?

Colony for the Depressed Classes at Eriyad.

347. മിസ്റ്റർ കെ. പി. വള്ളോൻ.—(a) എറിയാടു് ദേശനിവാസികളായ അധഃകൃതക്ക് ഒരു കോളനി ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി വല്ല ഹർജികളും കിട്ടീട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എന്തുചെയ്തു?

രാമവമ്മതമ്പുരാൻ.—(a) ഉണ്ടു്.

(b) എറിയാടു വില്ലേജിൽ പുറമ്പോക്കുസ്ഥലം ഇല്ലാത്തതുകൊണ്ടു കോളനിക്കുവേണ്ടിയുള്ള സ്ഥലം വിലകൊടുത്തു വാങ്ങുവാൻ ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈഹർജി കിട്ടിയിട്ടു എത്ര നാളായി?

രാമവമ്മതമ്പുരാൻ.—date നിശ്ചയമില്ല; നോക്കിവേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ.—എത്രനാൾകൊണ്ടു് ഈ ആലോചന പൂർത്തിയാകും?

രാമവമ്മതമ്പുരാൻ.—ഉടനെ കഴിയും.

Utsavam expenditure in Bhajanamadom of the Depressed Classes.

348. മിസ്റ്റർ കെ. പി. വള്ളോൻ.—ഫസ്ലി മുതൽ ഫസ്ലി വരെ ഈ രാജ്യത്തെ അധഃകൃതഭജനമാങ്ങളിൽ ഉത്സവംകഴിക്കുവാൻ ചിലവായിട്ടുള്ള സംഖ്യയുടെ ഇനം തിരിച്ചുള്ള ഒരു ലിസ്റ്റ് മേശപ്പുറത്തു വെക്കുമോ?

രാമവമ്മതമ്പുരാൻ.—അധഃകൃത ഭജനമഠങ്ങളിൽ ഉത്സവം കഴിക്കുവാനായി ചിലവായിട്ടുള്ള സംഖ്യയുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. (അനുബന്ധം V).

മിസ്റ്റർ കെ. പി. വള്ളോൻ. ഉത്സവങ്ങൾ ആരുടെ ഏർപ്പാടിലാണ് നടത്തുന്നതു്? സംരക്ഷകന്റെയോ അല്ല അവിടെ താമസിക്കുന്ന ആളുകളുടേയോ?

രാമവമ്മതമ്പുരാൻ.—അവിടെ താമസിക്കുന്ന ആളുകളുടെ ഏർപ്പാടിലാണു്.

മിസ്റ്റർ സി. എ. ഒസേപ്പ്.—ഗവമ്മെണ്ടിൽനിന്നു അതിലേയ്ക്കു് സംഖ്യ അനുവദിക്കേണ്ട ആവശ്യമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly